"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - ബഹുമാനപ്പെട്ട പാലക്കാട് എം.എ.സി.റ്റി മുമ്പാകെയുള്ള ഒ.പി (എം.വി) 1065/2022 നമ്പർ വ്യവഹാരത്തിന്റെ വിധി തുക കെട്ടിവയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 4338/2026/ധന** **തീയതി, തിരുവനന്തപുരം, 14/05/2026**

പരാമർശം :-
1. ബഹുമാനപ്പെട്ട പാലക്കാട് എം.എ.സി.റ്റി മുമ്പാകെയുള്ള ഒ.പി (എം.വി) 1065/2022 നമ്പർ വ്യവഹാരത്തിന്മേലുള്ള 15/07/2025 ലെ വിധി.
2. ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 02/02/2026, 24/02/2026 എന്നീ തീയതികളിലെ കെ.എസ്.ഐ.ഡി/സ്യൂട്ട്/എസ്4/1065/2022 നമ്പർ കത്തുകൾ.
3. ബഹുമാനപ്പെട്ട പാലക്കാട് എം.എ.സി.റ്റി മുമ്പാകെയുള്ള E.P. No.8/2026 നമ്പർ വ്യവഹാരത്തിന്റെ നോട്ടീസ്, പെറ്റീഷൻ.

**<u>ഉത്തരവ്</u>**

ഇൻഷ്വറൻസ് വകുപ്പിൽ പരിരക്ഷയുണ്ടായിരുന്ന KL-07-F-0304 എന്ന നമ്പറിലുള്ള വാഹനം 07/02/2022 തീയതിയിൽ അപകടത്തിൽപ്പെടുകയും ശ്രീ. സജു.വി എന്ന വ്യക്തിയ്ക്ക് പരിക്കേൽക്കുകയും ചെയ്തു. ടിയാൾ വകുപ്പിനെ മൂന്നാം എതിർകക്ഷിയാക്കി ബഹുമാനപ്പെട്ട പാലക്കാട് എം.എ.സി.റ്റി-യിൽ ഒ.പി. (എം.വി) 1065/2022 നമ്പർ നഷ്ടപരിഹാര ഹർജി ഫയൽ ചെയ്തു. ബഹു. പാലക്കാട് എം.എ.സി.റ്റി-യുടെ പരാമർശം (1) വിധി പ്രകാരം 10,68,000/- രൂപ (പത്ത് ലക്ഷത്തി അറുപത്തി എണ്ണായിരം രൂപ മാത്രം) ഹർജി തീയതിയായ 19/07/2022 മുതൽ 8% പലിശ നിരക്കിലും, കോടതി ചെലവിനത്തിൽ 13,368/- രൂപയും, ലീഗൽ ബെനഫിറ്റ് ഫണ്ട് ഇനത്തിൽ 14,000/- രൂപയും, പ്രൊപ്പോഷണേറ്റ് കോസ്റ്റായി 66,143/- രൂപയും കെട്ടിവക്കണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത തുക കെട്ടിവയ്ക്കുവാൻ കാലതാമസം നേരിട്ടതിനാൽ ഹർജിക്കാരൻ വകുപ്പിനെതിരെ എക്സിക്യൂഷൻ പെറ്റീഷൻ EP No.8/2026 ഫയൽ ചെയ്യുകയും ആയതിൽ വകുപ്പിനെതിരെ ജപ്തി നടപടികൾ തടയുന്നതിനായി പരാമർശം (1) വിധി പ്രകാരമുള്ള നഷ്ടപരിഹാര തുക കെട്ടിവയ്ക്കുന്നതിനുള്ള അനുമതി നല്കണമെന്ന് പരാമർശം (2) പ്രകാരം ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ബഹു. പാലക്കാട് എം.എ.സി.റ്റി-യുടെ പരാമർശം (1) വിധി പ്രകാരമുള്ള നഷ്ടപരിഹാര തുകയായ 10,68,000/- രൂപ ഹർജി തീയതിയായ 19/07/2022 മുതൽ 8% പലിശ നിരക്കിലും; കോടതി ചെലവിനത്തിൽ 13,368/- രൂപയും, ലീഗൽ ബെനഫിറ്റ് ഫണ്ടിനത്തിൽ 14,000/- രൂപയും, പ്രൊപ്പോഷനേറ്റ് കോസ്റ്റ് ആയി 66,143/- രൂപയും കെട്ടിവയ്ക്കുവാൻ ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു. പലിശ തുകയുടെ കൃത്യത ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

3. പ്രസ്തുത ചെലവ് "8011-ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട് -105 സംസ്ഥാന ഗവൺമെന്റ് ഇൻഷ്വറൻസ് ഫണ്ട്-98(01) ആക്സിഡന്റ് ഇൻഷ്വറൻസ് ഫണ്ട്" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽസി ജോർജ്ജ്**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.

ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, പട്ടം, പട്ടം പാലസ്.പി.ഒ, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. ഇ 3484675/എസ്റ്റാ-ഡി3/21/2026-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ